LIBRARY ARCHIVES Kerala Legislative Assembly

വാർദ്ധക്യകാല പെൻഷൻ അപേക്ഷ തീർപ്പാക്കാൻ നടപടി

197 (7496) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ വാർദ്ധക്യകാല പെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം വരുന്നതുസംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം അപേക്ഷകളിൽ അടിയന്തരനടപടി സ്വീകരിക്കുമോ ;

(സി) ഓരോ പഞ്ചായത്തിലും അദാലത്തുകൾ സംഘടിപ്പിച്ച് പെൻഷൻ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) സമ്പൂർണ്ണ പെൻഷൻ പദ്ധതി പ്രകാരം അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് അർഹതയുള്ള മുഴുവൻ പേർക്കും 2014 ഫെബ്രുവരിയോടെ പെൻഷൻ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ അദാലത്തുകൾ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ നിലവിലില്ല.

ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ പെൻഷൻ ജില്ലയായി പ്രഖ്യാപിക്കാൻ നടപടി

198 (7497) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ പെൻഷൻ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട് ; നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയിൻകീഴിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകാൻ ഇതുവരെ തുക അനുവദിക്കാത്തതുകാരണം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തുനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. ആലപ്പുഴ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമ്പൂർണ്ണ പെൻഷൻ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) നഗരസഭകളുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) പരിശോധിച്ചുവരുന്നു.

ജനന രജിസ്ട്രേഷൻ

199 (7498) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനം വൈകി രജിസ്റ്റർ ചെയ്യുന്നവർ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനന രജിസ്ട്രേഷന് യഥാസമയം കഴിയാത്തവർക്ക് രജിസ്റ്റർ ചെയ്യുമ്പോൾ എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത് ;

(സി) ജനന രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ജനനം നടന്ന് 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാത്ത ജനനങ്ങൾ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെയും ഒരു വർഷത്തിനു ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയും (ആർ.ഡി.ഒ.) അനുമതിയോടെ മാത്രമെ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. അതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

I. ജനനം നടന്ന് 30 ദിവസത്തിനുശേഷം ഒരു വർഷം വരെ

(a) ജനന റിപ്പോർട്ട് - 2 കോപ്പി

(b) നോട്ടറി പബ്ലിക്/സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം

(c) ജനനം രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന അപേക്ഷ (5 രൂപ കോർട്ട് ഫീസ്റ്റാമ്പ്)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly